# കേരളോത്സവം-2021

## മാർഗ്ഗരേഖ

**കേരള സർക്കാർ**

**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**

യൂത്ത് ഭവൻ

ദൂരദർശൻ കേന്ദ്രത്തിന് സമീപം

കുടപ്പനക്കുന്ന്.പി.ഒ,

തിരുവനന്തപുരം-695043

Phone : 0471 2733139, 2733602

E-mail : ksywb@kerala.gov.in, web: www.ksywb.kerala.gov.in

## ഉള്ളടക്കം


| | | |
|---|---|---|
| 01. | ആമുഖം | 03 |
| 02. | ഓൺലൈൻ പ്ലാറ്റ് ഫോമിലെ സംഘാടനം | 04 |
| 03. | പൊതു വിവരങ്ങൾ | 05 |
| 04. | കലാമത്സരങ്ങൾ | 07 |
| 05. | വിധി നിർണ്ണയം അപ്പീൽ | 16 |
| 06. | സമ്മാന ഘടന | 19 |
| 07. | ക്ലബ്ബംഗമാണെന്നതിനുള്ള സത്യപ്രസ്താവന | 20 |
| 08. | മാതൃകാഫോറം സത്യപ്രസ്താവന | 21 |
| 09. | അപ്പീൽ ഫോറം | 22 |
| 10. | അപ്പീൽ തീർപ്പാക്കാനുള്ള നടപടി | 23 |
| 11. | മാർക്ക് ഷീറ്റ് | 24 |
| 12. | റിസൾറ്റ് ഷീറ്റ് | 25 |
| 13. | ജില്ലാ ഓഫീസ് വിലാസം | 26 |

# അദ്ധ്യായം – 1

## ആമുഖം

യുവജനങ്ങളുടെ കലാപരവും സാംസ്കാരികവും കായികവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക, അവരിൽ സാഹോദര്യവും സഹകരണബോധവും സഹവർത്തിത്വവും വളർത്തുക, തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ കേരളോത്സവം സംഘടിപ്പിച്ചു വരുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടെയാണ് കേരളോത്സവം നടത്തുന്നത്.

കേരളോത്സവം, കേരളീയ യുവതയുടെ ഏറ്റവും വലിയ കലാ-കായിക-സാംസ്കാരിക സംഗമവേദി എന്ന നിലയിൽ ജനശ്രദ്ധ നേടിക്കഴിഞ്ഞു. സംസ്ഥാനതലത്തിൽ വിജയികളായവരെ ദേശീയ യുവോത്സവത്തിലെ മത്സര ഇനങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും, ദേശീയ തലത്തിൽ മികച്ച വിജയം കൈവരിക്കുന്നതിനും കഴിഞ്ഞ വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്.

മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കോവിഡ് പശ്ചാത്തലത്തിൽ ഈ വർഷം മത്സരങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് സംഘടിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ കലാമത്സരങ്ങൾ മാത്രമാണ് കേരളോത്സവത്തിന്റെ ഭാഗമായി ഈ വർഷം സംഘടിപ്പിക്കുന്നത്.

കൂടുതൽ മികവോടെ 2021 ലെ കേരളോത്സവം സംഘടിപ്പിക്കപ്പെടുന്നതിനും യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്ക് വിവിധ തലങ്ങളിലായി ക്യാഷ് അവാർഡ് നൽകുന്നതാണ്. ചിട്ടയോടെയും സമയബന്ധിതമായും കേരളോത്സവ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സഹായകരമായ ഒരു കൈപ്പുസ്തകം എന്ന നിലയിലാണ് ഈ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്.

++++++++++

# അദ്ധ്യായം – 2

# ഓൺലൈൻ പ്ലാറ്റ്ഫോമിലെ സംഘാടനം

കോവിഡ് വ്യാപനം കണക്കിലെടുത്ത് 2021 വർഷത്തെ കേരളോത്സവം പൂർണ്ണമായും ഓൺലൈൻ പ്ലാറ്റ്ഫോമിൽ സംഘടിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ള ത്. അതുകൊണ്ടുതന്നെ കലാമത്സരങ്ങൾ മാത്രമാണ് കേരളോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നത്. പഞ്ചായത്ത് ബ്ലോക്ക്തലങ്ങളിലെ മത്സരങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. മത്സരാർത്ഥികൾക്ക് നേരിട്ട് ജില്ലകളിലേയ്ക്ക് മത്സരിക്കാവുന്ന താണ്. പ്രത്യേകം തയ്യാറാക്കിയ വെബ് ആപ്ലിക്കേഷനിലൂടെയാണ് രജിസ്ട്രേഷനും വീഡിയോ അപ് ലോഡിംഗും ഉൾപ്പെടെയുള്ള ഓൺലൈൻ മത്സരങ്ങൾ സംഘടി പ്പിക്കുന്നത്. ഒരു നിശ്ചിത തീയതി മുതൽ 5 ദിവസം വരെ ഈ ഓൺലൈൻ ആപ്ലിക്കേഷനിൽ മത്സരാർത്ഥികൾക്കും ക്ലബ്ബുകൾക്കും രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന സമയത്ത് മത്സരാർത്ഥികൾക്ക് ഒരു രജിസ്റ്റർ നമ്പരും കോഡ് നമ്പരും ലഭ്യമാകും. ഈ രജിസ്റ്റർ നമ്പർ ഉപയോഗിച്ചാണ് അടുത്ത ഘട്ടത്തിൽ മത്സരങ്ങളുടെ റിക്കോർഡ് ചെയ്ത വീഡിയോകൾ അപ് ലോഡ് ചെയ്യേണ്ടത്. നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്തവർക്കു മാത്രമേ വീഡിയോ അപ് ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ലഭിക്കുകയുള്ളൂ. വീഡിയോകൾ റിക്കോർഡ് ചെയ്യുമ്പോൾ മത്സരാർത്ഥികൾ തങ്ങൾക്ക് ലഭിച്ച കോഡ് നമ്പരുകൾ വ്യക്തമായി പ്രദർശിപ്പിച്ചിരിക്കണം. ജില്ലാതല മത്സരത്തിൽ ഒന്നാംസ്ഥാനം ലഭിച്ചവർക്ക് സംസ്ഥാനതല മത്സരത്തിൽ വീഡിയോ അപ് ലോഡ് ചെയ്യുന്നതി നായി വീണ്ടും നിശ്ചിത ദിവസം കൂടി ലഭിക്കുന്നതാണ്.

മത്സര വീഡിയോകൾ പ്രാഥമികതലത്തിൽ വിദഗ്ദ്ധസമിതി സ്ക്രീനിംഗ് നടത്തിയശേഷം ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഇനത്തിൽ നിന്നും 5 എൻട്രികൾ വീതം അടുത്തതലത്തിലേക്ക് (ജില്ലാതലം) നൽകുന്നു. ആ തലത്തിലെ വിധിനിർണ്ണയത്തിനുശേഷം ജില്ലാതലത്തിൽ 1,2,3 സ്ഥാനങ്ങൾ നേടിയവരുടെ പട്ടിക വെബ് സൈറ്റ് വഴി പ്രസിദ്ധീകരിക്കുന്നു. ജില്ലാതലത്തിൽ ഒന്നാംസ്ഥാനം നേടിയവർ അവരുടെ മത്സര ഇനത്തിന്റെ വീഡിയോ സംസ്ഥാന മത്സരത്തിലേ ക്കായി ഒരു തവണ കൂടി അപ് ലോഡ് ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവ ശാൽ വീഡിയോ അപ് ലോഡ് ചെയ്തിട്ടില്ലെങ്കിൽ അവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല. അപ് ലോഡ് ചെയ്യുന്ന വീഡിയോകൾ സംസ്ഥാനതലത്തിൽ വിധിനിർണ്ണയം നടത്തി വിജയികളെ തീരുമാനിക്കുന്നു. ജില്ലാ - സംസ്ഥാനതലത്തിൽ 1,2,3 സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രൈസ്മണി, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നു.

മത്സരഫലങ്ങൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വെബ്സൈറ്റ്, കേരളോത്സവം വെബ് ആപ്ലിക്കേഷൻ എന്നിവയിലൂടെയായിരിക്കും പ്രസിദ്ധീകരിക്കുക.

രജിസ്ട്രേഷനെ കുറിച്ചും വീഡിയോ അപ് ലോഡിംഗിനെ സംബന്ധിച്ചുമുള്ള മറ്റു സാങ്കേതിക വിവരങ്ങൾ കേരളോത്സവം വെബ് ആപ്ലിക്കേഷനിൽ പ്രതിപാദിച്ചി ട്ടുണ്ട്.

## അദ്ധ്യായം 3

# പൊതു വിവരങ്ങൾ

1. മാർഗ്ഗരേഖ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം കേരളോത്സവം സംഘടിപ്പിക്കേണ്ടത്.
2. സംസ്ഥാന തലം വരെയുള്ള കേരളോത്സവ നടത്തിപ്പിന്റെ പൊതു നിയന്ത്രണം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിനായിരിക്കും.
3. മത്സരാർത്ഥികൾക്ക് ക്ലബ്ബുകളുടെ പേരിലും വ്യക്തിപരമായും മത്സരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. ക്ലബ്ബുകളുടെ പേരിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അതാത് ക്ലബ്ബുകളുടെ പേരിലായിരിക്കണം സംസ്ഥാനതലം വരേയും മത്സരിക്കേണ്ടത്. ക്ലബ്ബിന്റെ പേരിൽ മത്സരിക്കുന്ന വ്യക്തികൾ അനുബന്ധം (1) ൽ പറഞ്ഞിരിക്കുന്ന രജിസ്ട്രേഷൻ ഫോറത്തിൽ ക്ലബ്ബിനെ പ്രതിനിധാനം ചെയ്യുന്നു എന്ന വിവരം ക്ലബ്ബ് ഭാരവാഹികൾ സാക്ഷ്യപ്പെടുത്തി അതാത് പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ യൂത്ത് കോ-ഓർഡിനേറ്റർമാർക്കോ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ ഓഫീസർമാർക്കോ നൽകേണ്ടതാണ്.
4. ക്ലബ്ബിന്റെ പേരിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ക്ലബ്ബിന്റെ പേരും വിലാസവും അഫിലിയേഷൻ നമ്പരും കൃത്യമായും രേഖപ്പെടുത്തണം. അഫിലിയേറ്റ് ചെയ്യാത്ത ക്ലബ്ബുകൾക്ക് ഓൺലൈൻ ആയി അഫിലിയേറ്റ് ചെയ്യാനുള്ള അവസരം നൽകിയിട്ടുണ്ട്.
5. ജില്ലാതല മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്ക് ഒന്നാം സമ്മാനമായി 10,000/- രൂപയും രണ്ടാം സമ്മാനമായി 5,000/- രൂപയും ക്യാഷ് അവാർഡ് നൽകുന്നതാണ്.
6. സംസ്ഥാനതലമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബിന് ഒന്നാം സമ്മാനമായി 1,50,000/- രൂപയും രണ്ടാം സമ്മാനമായി 75,000/- രൂപയും മൂന്നാം സമ്മാനം 50,000/- രൂപയും ക്യാഷ് അവാർഡ് നൽകുന്നതാണ്.
7. സംസ്ഥാനതല കേരളോത്സവത്തിൽ കലാ വിഭാഗങ്ങളിൽ വ്യക്തിഗത ചാമ്പ്യൻമാരാകുന്നവർക്ക് പ്രത്യേകം ട്രോഫി നൽകുന്നതാണ്.
8. സംസ്ഥാനതല കേരളോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് രാജീവ്ഗാന്ധി സ്മാരക എവർറോളിംഗ് ട്രോഫിനൽകുന്നതാണ്.
9. ദേശീയ യുവജനനയം അനുസരിച്ച് ദേശീയ യുവോത്സവ ഇനങ്ങളായ 18 മത്സര ഇനങ്ങൾക്ക് 2022 ജനുവരി 1 ന് 15 വയസ് തികഞ്ഞവർക്കും 30 വയസ് കഴിയാത്തവരുമായ യുവജനങ്ങൾക്ക് പങ്കെടുക്കുവാനുള്ള അർഹതയുണ്ടായിരിക്കും.
10. കേരളോത്സവ ഇനങ്ങളായ കലാ മത്സരങ്ങൾക്ക് 2021 നവംബർ 1 ന് 15 വയസ് തികഞ്ഞവർക്കും 40 വയസ് കഴിയാത്തവരുമായ യുവജനങ്ങൾക്ക് മത്സരത്തിൽ പങ്കെടുക്കുവാനുള്ള അർഹതയുണ്ടായിരിക്കും.
11. ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് പ്രൈസ്മണിയും സർട്ടിഫിക്കറ്റും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നൽകുന്നതാണ്.

12. പ്രൈസ്മണി, ഓൺലൈൻ ട്രാൻസാക്ഷൻ വഴിയായിരിക്കും നൽകുക. അതിനായി ഓൺലൈൻ വഴി രജിസ്ട്രേഷൻ ചെയ്യുന്ന സമയത്ത്തന്നെ മത്സരാർത്ഥികൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകേണ്ടതാണ്. രജിസ്റ്റർ ചെയ്യുമ്പോൾ നിർബന്ധമായും തിരിച്ചറിയൽ രേഖയുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ് (ആധാർ/ഇലക്ഷൻ ഐ.ഡി.കാർഡ്/ഡ്രൈവിംഗ് ലൈസൻസ്, ഫോട്ടോ പതിച്ച സ്കൂൾ സർട്ടിഫിക്കറ്റ് തുടങ്ങി സർക്കാർ വിതരണം ചെയ്ത തിരിച്ചറിയൽ രേഖകൾ)

13. ഏതെങ്കിലും കാരണവശാൽ വ്യക്തിഗതമായോ ടീമായോ മത്സരിക്കുന്ന ഏതെങ്കിലും ഒരു മത്സരാർത്ഥിയുടെ വയസ്സ് മാർഗ്ഗരേഖയിൽ നിഷ്ക്കർഷിക്കും പ്രകാരമല്ലെങ്കിൽ അയോഗ്യരാക്കുന്നതായിരിക്കും. തെറ്റായ രേഖകൾ പ്രകാരം മത്സരിക്കുവാൻ അർഹത നേടിയത് തെളിയിക്കപ്പെട്ടു കഴിഞ്ഞാൽ അടുത്ത 3 വർഷം കേരളോത്സവത്തിൽ മത്സരിക്കുവാൻ അയോഗ്യരാക്കപ്പെടുന്നതാണ്. കൂടാതെ എതെങ്കിലും മത്സരാർത്ഥികൾ മറ്റു കാരണങ്ങളാൽ അയോഗ്യരാകുകയാണെങ്കിൽ തൊട്ടടുത്ത സ്ഥാനം ലഭിച്ചവർ സമ്മാനാർഹരാകുന്നതാണ്.

14. ഓവർആൾ ചാമ്പ്യൻഷിപ്പ് കണക്കാക്കുമ്പോൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കു ലഭിച്ച മാർക്കിനു പുറമേ ഗ്രേഡിന് ലഭിച്ച മാർക്ക് കൂടി കണക്കാക്കേണ്ടതാണ്. കൂടാതെ മത്സരാർത്ഥികൾക്ക് ഗ്രേഡ് മാത്രം ലഭിക്കുകയാണെങ്കിൽ ലഭിച്ച ഗ്രേഡിന്റെ പോയിന്റ് കൂടി ഓവറോൾചാമ്പ്യൻഷിപ്പ് നിർണ്ണയിക്കുമ്പോൾ പരിഗണിക്കണം.

15. കലാമത്സരങ്ങളിൽ ഒരാൾക്ക് നാല് വ്യക്തിഗത ഇനങ്ങളിലും മൂന്ന് ഗ്രൂപ്പിനങ്ങളിലും മാത്രമേ പങ്കെടുക്കാൻ അർഹതയുള്ളൂ.

++++++++++

# അദ്ധ്യായം 4

# കലാമത്സരങ്ങൾ

## 4.1 ദേശീയ യുവോത്സവം

1. കേന്ദ്ര സർക്കാരിന്റെ ദേശീയ യുവോത്സവ മാനദണ്ഡങ്ങൾക്ക് വിധേയ മായിട്ടായിരിക്കണം മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്.
2. 2022 ജനുവരി 1 ന് 15 വയസ്സ് തികഞ്ഞവരും 30 വയസ്സ് കവിയാത്തവരുമായ യുവജനങ്ങൾക്ക് മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളു.
3. കലാമത്സരങ്ങളിൽ ഒരാൾക്ക് 4 വ്യക്തിഗത ഇനങ്ങളിലും 3 ഗ്രൂപ്പിനങ്ങളിലും മാത്രമേ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

### ദേശീയ യുവോത്സവ ഇനങ്ങൾ

| *ക്രമ നമ്പർ* | *മത്സര ഇനം* | *പങ്കെടുക്കുന്നവരുടെ എണ്ണം* | *സമയപരിധി* |
|---|---|---|---|
| 1. | വായ്പ്പാട്ട് (ക്ലാസിക്കൽ- ഹിന്ദുസ്ഥാനി) | ഒരാൾ | 15 മിനിറ്റ് |
| 2. | കർണ്ണാടക സംഗീതം | ഒരാൾ | 15 മിനിറ്റ് |
| 3. | ഭരതനാട്യം | ഒരാൾ | 15 മിനിറ്റ് |
| 4. | കുച്ചുപ്പുടി | ഒരാൾ | 15 മിനിറ്റ് |
| 5. | മണിപ്പൂരി | ഒരാൾ | 15 മിനിറ്റ് |
| 6. | കഥക് | ഒരാൾ | 15 മിനിറ്റ് |
| 7. | ഒഡീസ്സി | ഒരാൾ | 15 മിനിറ്റ് |
| 8. | സിത്താർ | ഒരാൾ | 15 മിനിറ്റ് |
| 9. | ഫ്ളൂട്ട് | ഒരാൾ | 15 മിനിറ്റ് |
| 10. | വീണ | ഒരാൾ | 15 മിനിറ്റ് |
| 11. | തബല | ഒരാൾ | 10 മിനിറ്റ് |
| 12. | മൃദംഗം | ഒരാൾ | 10 മിനിറ്റ് |
| 13. | ഹാർമോണിയം (ലൈറ്റ്) | ഒരാൾ | 10 മിനിറ്റ് |
| 14. | ഗിത്താർ | ഒരാൾ | 10 മിനിറ്റ് |
| 15. | നാടോടിപ്പാട്ട് | 10 പേർ | 7 മിനിറ്റ് |
| 16. | നാടോടി നൃത്തം | 20 പേർ | 15 മിനിറ്റ് |
| 17. | ഏകാങ്ക നാടകം (ഹിന്ദി /ഇംഗ്ലീഷ്) | 12 പേർ | 45 മിനിറ്റ് |
| 18. | പ്രസംഗം (ഹിന്ദി /ഇംഗ്ലീഷ്) | ഒരാൾ | 4മിനിറ്റ് |

## 4.2. മത്സരങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ, മൂല്യ നിർണ്ണയോപാധികൾ

### *1. വായ്പ്പാട്ട് (ക്ലാസ്സിക്കൽ- ഹിന്ദുസ്ഥാനി) :*

പരമാവധി സമയം 15 മിനിറ്റ്. സിനിമാഗാനങ്ങൾ അനുവദിക്കുന്നതല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശാരീരം 2. ശ്രുതിലയം 3. ജ്ഞാനഭാവം 4. സാഹിത്യം 5. താളം 6. മനോധർമ്മം 7. പക്കമേളങ്ങളുടെ സമ്മിശ്രണം

**2. കർണ്ണാടക സംഗീതം**

പരമാവധി സമയം 15 മിനിറ്റ്. സിനിമാഗാനങ്ങൾ അനുവദിക്കുന്നതല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശാരീരം 2. ശ്രുതിലയം 3. ജ്ഞാനഭാവം 4. സാഹിത്യം 5. താളം 6. മനോധർമ്മം 7. പക്കമേളങ്ങളുടെ സമ്മിശ്രണം

**3. ഭരതനാട്യം**

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാര സുഷമ 2. വേഷം 3. ഭാവപ്രകടനം 4. മുദ്രകളുടെ പൂർണ്ണത 5. താളം 6. ചുവടുവയ്പ്പ് 7. സാഹിത്യശുദ്ധി

**4. കുച്ചുപ്പുടി**

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാര സുഷമ 2. വേഷം 3. ഭാവപ്രകടനം 4. മുദ്രകളുടെ പൂർണ്ണത 5. താളം 6. ചുവടുവയ്പ്പ് 7. സാഹിത്യ ശുദ്ധി

**5. മണിപ്പൂരി**

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാര സുഷമ 2. വേഷം 3. ഭാവപ്രകടനം 4. മുദ്രകളുടെ പൂർണ്ണത 5. താളം 6. ചുവടുവയ്പ്പ് 7. സാഹിത്യ ശുദ്ധി

**6. കഥക്**

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാര സുഷമ 2. വേഷം 3. ഭാവപ്രകടനം 4. മുദ്രകളുടെ പൂർണ്ണത 5. താളം 6. ചുവടുവയ്പ്പ് 7. സാഹിത്യ ശുദ്ധി

**7. ഒഡീസ്സി**

അവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 15 മിനിറ്റാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാര സുഷമ 2. വേഷം 3. ഭാവപ്രകടനം 4. മുദ്രകളുടെ പൂർണ്ണത 5. താളം 6. ചുവടുവയ്പ്പ് 7. സാഹിത്യ ശുദ്ധി

**8. സിത്താർ**

ഹിന്ദുസ്ഥാനിയിലോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 15 മിനിറ്റ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശ്രുതി ചേർച്ച 2. നാദം 3. രാഗഭാവം 4. താളം 5. മീട്ട്

**9. ഫ്ളൂട്ട്**

ഹിന്ദുസ്ഥാനിയിലോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 15 മിനിറ്റ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. താളം 3. മനോധർമ്മം 4. ശ്രുതിലയപ്രയോഗം

**10. വീണ**

ഹിന്ദുസ്ഥാനിയിലോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 15 മിനിറ്റ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശ്രുതി ചേർച്ച 2. നാദം 3 രാഗഭാവം 4. താളം 5. താളകമ്പികളുടെ പ്രയോഗ സിദ്ധി 6. മീട്ട്

**11. തബല**

ഹിന്ദുസ്ഥാനിയിലോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 10 മിനിറ്റ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. അംഗുലീപ്രയോഗം 3. ലയം 4. മനോധർമ്മം 5. ചൊൽ ശുദ്ധം

## 12. മൃദംഗം

ഹിന്ദുസ്ഥാനിയിലോ കർണ്ണാട്ടിക്കിലോ മത്സര ഇനങ്ങൾ അവതരിപ്പിക്കാവുന്നതാണ്. പരമാവധി സമയം 10 മിനിറ്റ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. അംഗുലീപ്രയോഗം 3. ലയം 4. മനോധർമ്മം 5. ചൊൽ ശുദ്ധം

## 13. ഹാർമോണിയം *(ലൈറ്റ്)*

പരമാവധി സമയം 10 മിനിട്ട്. ലളിതഗാന ശൈലിയിലായിരിക്കണം ഇനം അവതരിപ്പിക്കേണ്ടത്. സിനിമാഗാനം അനുവദനീയമല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1.നാദം 2.രാഗഭാവം 3.താളം 4.മനോധർമ്മം 5.ശ്രുതി ലയം

## 14. ഗിറ്റാർ

പരമാവധി സമയം 10 മിനിട്ട്. ഇന്ത്യൻ/പാശ്ചാത്യ സംഗീതത്തിൽ ഇനം അവതരിപ്പിക്കാവുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. രാഗഭാവം 3. താളം 4. ശ്രുതിചേർച്ച 5. മീട്ട്

## 15. നാടോടിപ്പാട്ട് *(ഗ്രൂപ്പിനം)*

പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. നാടോടിപ്പാട്ടിന് അനുവദിക്കുന്ന പരമാവധി സമയം 7 മിനിട്ടാണ്. ഇതിനായി തെരഞ്ഞെടുക്കുന്ന ഗാനങ്ങൾ ഏത് പ്രാദേശിക ഭാഷയിലുമാകാം. സിനിമാഗാനങ്ങൾ അനുവദനീയമല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. തനിമയാർന്ന അവതരണം 2. താളം 3. ശ്രുതിലയവും ശബ്ദഭംഗിയും 4. സാഹിത്യതനിമ 5. വിഷയ, താള ചേർച്ച

## 16. നാടോടി നൃത്തം *(ഗ്രൂപ്പിനം)*

പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 20. നാടോടിനൃത്തത്തിന് അനുവദിക്കുന്ന പരമാവധി സമയം 15 മിനിട്ടാണ്. പങ്കെടുക്കുന്നവരുടെ താളവാദ്യക്കാരും ഇതിൽ ഉൾപ്പെടും. ഇതിൽ ആൺകുട്ടികളേയും പെൺകുട്ടികളേയും ഉൾപ്പെടുത്താവുന്നതാണ്. ഇന്ത്യൻ ശൈലിയിലുള്ള നാടോടി നൃത്തമോ പരമ്പരാഗത നൃത്തമോ ആയിരിക്കണം. ശാസ്ത്രീയ നൃത്തം, ബാലെ നൃത്തം എന്നിവ അനുവദിക്കുന്നതല്ല. പിന്നണിയിൽ ടേപ്പ് റിക്കാർഡർ/സി.ഡി. അനുവദിക്കുന്നതല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. താളമേളം 2. നൃത്തവിദ്യ 3. സംവിധാനകല 4. വേഷഭംഗി 5. അവതരണശൈലി 6. സാഹിത്യ തനിമ 7. വിഷയ, താള ചേർച്ച 8. പാട്ടിന്റെ തനതു ഭാഷ

## 17. ഏകാങ്ക നാടകം *(ഹിന്ദി/ഇംഗ്ലീഷ് )*

പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 12. നാടകാവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 45 മിനിട്ടാണ്. ടീം ആമുഖ പ്രഭാഷണം ആരംഭിക്കുമ്പോൾ ആണ് നാടകം തുടങ്ങുന്ന സമയം കണക്കാക്കപ്പെടുന്നത്. വർണ്ണ-വർഗ്ഗ-ലിംഗ-രാഷ്ട്രീയ പ്രകോപനം സൃഷ്ടിക്കുന്ന നാടകങ്ങൾ അനുവദിക്കുന്നതല്ല. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 12ൽ കൂടരുത്. നാടകം ഇംഗ്ലീഷ്/ഹിന്ദി ഭാഷയിലായിരിക്കണം. അവതരിപ്പിക്കുന്ന നാടകത്തിന്റെ സ്ക്രിപ്റ്റ് ബന്ധപ്പെട്ട ചുമതലയുള്ളവരെ ഏൽപ്പിക്കേണ്ടതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. പ്രമേയം 2. അഭിനയം (ചതുർവ്വിധം) 3. അഭിനയ പൊരുത്തങ്ങൾ 4. ദീപവിധാനം 5. പശ്ചാത്തല സംഗീതം 6. സംവിധാനം 7. സമഗ്രഭാവാവിഷ്ക്കാരം

## 18. പ്രസംഗം (ഹിന്ദി/ഇംഗ്ലീഷ്)

ഹിന്ദിയിലോ ഇംഗ്ലീഷിലോ ആയിരിക്കണം പ്രസംഗം. പ്രസംഗത്തിനായി അനുവദിക്കുന്ന പരമാവധി സമയം 4 മിനിട്ടാണ്. നിശ്ചയിക്കപ്പെടുന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കേണ്ടതാണ്. വീഡിയോ അപ് ലോഡ് ചെയ്ത് തുടങ്ങേണ്ട ദിവസം മുതൽ കേരളോത്സവം വെബ് ആപ്ലിക്കേഷനിൽ വിഷയത്തെ കുറിച്ചുള്ള വിവരം ലഭ്യമാകും.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആശയ സ്ഫുടത 2. അക്ഷര സ്ഫുടത 3. 3. ഭാഷാശുദ്ധി 4. ധാരാവാഹിത്വം 5. ശബ്ദനിയന്ത്രണം 6. വിഷയബന്ധം.

## 4.3 കേരളോത്സവ ഇനങ്ങൾ

1. 01.11.2021 ന് 15 വയസ്സ് തികഞ്ഞവരും 40 വയസ്സ് കവിയാത്തവരുമായ യുവജനങ്ങൾക്ക് മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളു.
2. ഈ വർഷം മത്സര ഇനങ്ങളിൽ ഉപന്യാസ രചന, കവിതാരചന, കഥാരചന, ചിത്രരചന, കാർട്ടൂൺ, കളിമൺ ശില്പനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്, ക്വിസ് മത്സരം, ചെണ്ടമേളം, മൈലാഞ്ചിയിടൽ എന്നിവ ഒഴിവാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 19. | ലളിത ഗാനം (വനിത) | ഒരാൾ | 5 മിനിറ്റ് |
| 20. | ലളിത ഗാനം (പുരുഷൻ) | ഒരാൾ | 5 മിനിറ്റ് |
| 21. | മാപ്പിളപ്പാട്ട് | ഒരാൾ | 5 മിനിറ്റ് |
| 22. | നാടോടിപ്പാട്ട് | ഒരാൾ | 5 മിനിറ്റ് |
| 23. | കവിതാലാപനം | ഒരാൾ | 5 മിനിറ്റ് |
| 24. | സംഘഗാനം | 7 പേർ | 10 മിനിറ്റ് |
| 25. | ദേശഭക്തിഗാനം | 7 പേർ | 7 മിനിറ്റ് |
| 26. | നാടോടി നൃത്തം (സിംഗിൾ) | ഒരാൾ | 10 മിനിറ്റ് |
| 27. | കേരള നടനം | ഒരാൾ | 15 മിനിറ്റ് |
| 28. | കഥകളി (ഒരു വേഷം മാത്രം) | ഒരാൾ | 20 മിനിറ്റ് |
| 29. | ഓട്ടൻ തുള്ളൽ | ഒരാൾ | 15 മിനിറ്റ് |
| 30. | വയലിൻ (പൗരസ്ത്യം) | ഒരാൾ | 10 മിനിറ്റ് |
| 31. | വയലിൻ (പാശ്ചാത്യം) | ഒരാൾ | 10 മിനിറ്റ് |
| 32. | ചെണ്ട | ഒരാൾ | 10 മിനിറ്റ് |
| 33. | മദ്ദളം | ഒരാൾ | 10 മിനിറ്റ് |
| 34. | ഏകാങ്ക നാടകം (മലയാളം) | 12 പേർ | 30 മിനിറ്റ് |
| 35. | മോണോ ആക്ട് | ഒരാൾ | 5 മിനിറ്റ് |
| 36. | മിമിക്രി | ഒരാൾ | 5 മിനിറ്റ് |
| 37. | മൈം | 7 പേർ | 10 മിനിറ്റ് |
| 38. | പ്രസംഗം (മലയാളം) | ഒരാൾ | 5 മിനിറ്റ് |
| 39. | കഥാപ്രസംഗം | ഒരാൾ | 20 മിനിറ്റ് |
| | **പുരുഷന്മാർക്ക് മാത്രം** | | |
| 40. | കോൽക്കളി | 12 പേർ | 10 മിനിറ്റ് |
| 41. | വള്ളംകളിപ്പാട്ട് (കുട്ടനാടൻ ശൈലി) | 10 പേർ | 10 മിനിറ്റ് |
| 42. | വള്ളംകളിപ്പാട്ട് (ആറന്മുള ശൈലി) | 10 പേർ | 10 മിനിറ്റ് |
| 43. | ദഫ്മുട്ട് | 10 പേർ | 10 മിനിറ്റ് |
| 44. | വട്ടപ്പാട്ട് | 10 പേർ | 10 മിനിറ്റ് |
| | **വനിതകൾക്കു മാത്രം** | | |
| 45. | മോഹിനിയാട്ടം | ഒരാൾ | 10 മിനിറ്റ് |
| 46. | ഒപ്പന | 10 പേർ | 10 മിനിറ്റ് |
| 47. | തിരുവാതിര | 10 പേർ | 10 മിനിറ്റ് |
| 48. | മാർഗ്ഗംകളി | 10 പേർ | 10 മിനിറ്റ് |
| 49. | സംഘനൃത്തം | 7 പേർ | 10 മിനിറ്റ് |

## 4.4 മത്സരങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ, മൂല്യ നിർണ്ണയോപാധികൾ

### 19. ലളിതഗാനം (പുരുഷൻമാർ)

സമയം 5 മിനിട്ട്. സിനിമാഗാനം ആകരുത്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശ്രുതിലയം 2. ശാരീരം 3. ജ്ഞാനഭാവം 4. താളം 5. സാഹിത്യശുദ്ധി

### 20. ലളിതഗാനം (സ്ത്രീകൾ)

സമയം 5 മിനിട്ട്. സിനിമാഗാനം ആകരുത്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശ്രുതിലയം 2. ശാരീരം 3. ജ്ഞാനഭാവം 4. താളം 5. സാഹിത്യശുദ്ധി

### 21. മാപ്പിളപ്പാട്ട്

സമയം 5 മിനിട്ട്.

**മൂല്യ നിർണ്ണയോപാധികൾ** : 1. തനിമയാർന്ന അവതരണം 2. ശ്രുതിലയം 3. താളം 4. സാഹിത്യശുദ്ധി 5. ശബ്ദമാധുര്യം 6. ഉച്ചാരണ ശുദ്ധി

### 22. നാടോടിപ്പാട്ട്

സമയം 5 മിനിട്ട്.

**മൂല്യ നിർണ്ണയോപാധികൾ** : 1. തനിമയാർന്ന അവതരണം 2. താളം 3. ശ്രുതിലയവും ശബ്ദ ഭംഗിയും 4. സാഹിത്യതനിമ 5. വിഷയ, താള ചേർച്ച 6.പാട്ടിന്റെ തനതു ഭാഷ

### 23. കവിതാലാപനം

സമയം 5 മിനിട്ട്. കവിതാലാപനത്തിന് വൃത്തനിബന്ധനയില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. മനഃപാഠം 2. അക്ഷരസ്ഫുടത 3. ഭാവ ശബ്ദ പ്രകടനം 4. ആശയസ്പഷ്ടീകരണം 5. പദാന്വയഭംഗി 6. പദവിച്ഛേദഭംഗി 7. ഉച്ചാരണ ശുദ്ധി 8. സാഹിത്യ ശുദ്ധി

### 24. സംഘഗാനം

7 പേർ സമയം 10 മിനിട്ട്. പശ്ചാത്തല സംഗീതം ഉപയോഗിക്കാൻ പാടില്ല. പങ്കെടുക്കുന്നവർ എല്ലാവരും പാടിയിരിക്കണം.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശ്രുതിശുദ്ധി 2. ലയം 3. അക്ഷരസ്ഫുടത 4. ഭാവം 5. താളം 6. ആലാപനപ്പൊരുത്തം

### 25. ദേശഭക്തിഗാനം

7 പേർ 7 മിനിട്ട്. വാദ്യോപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഭാരതത്തിലെ ഏത് ഭാഷയിലുള്ള ദേശഭക്തിഗാനവും ആകാം. പങ്കെടുക്കുന്നവർ എല്ലാവരും പാടിയിരിക്കണം.

**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷത്തനിമ 2. അക്ഷരസ്ഫുടത 3. ശ്രുതിലയം 4. താളം 5. ആലാപനപ്പൊരുത്തം

### 26. നാടോടിനൃത്തം *(സിംഗിൾ)*

സമയം 10 മിനിട്ട്. മുദ്രാഭിനയം ഒഴിവാക്കണം, പിന്നണിയ്ക്ക് ടേപ്പ് റിക്കാർഡർ അനുവദനീയമാണ്. പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേകം മത്സരം ഉണ്ടായിരിക്കുന്നതല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാരസുഷമ 2. വേഷം 3. ഭാവപ്രകടനം 4. താളം 5. ചലന ഭംഗി

### 27. കേരളനടനം

സമയം 15 മിനിട്ട്. പക്കമേളം ഉപയോഗിക്കാം. പിന്നണിയ്ക്ക് ടേപ്പ് റിക്കാർഡർ അനുവദനീയമാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാരസുഷമ 2. വേഷം 3. ഭാവപ്രകടനം 4. ചുവടുവയ്പ്പ് 5. മുദ്രകളുടെ ശുദ്ധി

## 28. കഥകളി *(ഒരു വേഷം മാത്രം)*

സമയം 20 മിനിട്ട്. ഒരു വേഷം മാത്രമേ പാടുള്ളൂ.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആഹാര്യം 2. താളം 3. കലാശങ്ങളുടെ വൃത്തി 4. ചതുർവ്വിധ അഭിനയത്തികവ് 5. മനോധർമ്മം 6 മുദ്രയുടെ വടിവ് 7. പശ്ചാത്തല സംഗീത ആലാപനം.

## 29. ഓട്ടൻതുള്ളൽ

സമയം 15 മിനിട്ട്.

**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷഭംഗി 2. അഭിനയം 3. താളം 4. സംഗീതഗുണവും പശ്ചാത്തലവും 5. സാഹിത്യ ശുദ്ധിയും ഉച്ചാരണവും 6. അവതരണശൈലി

## 30. വയലിൻ *(പൗരസ്ത്യം)*

സമയം 10 മിനിട്ട്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. രാഗഭാവം 3. ശ്രുതിലയം 4. വില്ലിടുന്നത് 5. താളം

## 31. വയലിൻ *(പാശ്ചാത്യം)*

സമയം 10 മിനിട്ട്.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദം 2. രാഗഭാവം 3. ശ്രുതിലയം 4. വില്ലിടുന്നത് 5. താളം

## 32. ചെണ്ട

സമയം 10 മിനിട്ട്. അനുസാരി വാദ്യോപകരണങ്ങൾ പാടില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. നാദശുദ്ധി 2. കോൽപ്രയോഗം 3. താളം 4. മനോധർമ്മം

## 33. മദ്ദളം

സമയം 10 മിനിറ്റ് .

**മൂല്യനിർണ്ണയോപാധികൾ** : താളം, സാധകം, മേളം, നാദം പൂർണ്ണത

## 34. ഏകാങ്ക നാടകം *(മലയാളം)*

പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 12. നാടകാവതരണത്തിനായി അനുവദിക്കുന്ന പരമാവധി സമയം 30 മിനിട്ടാണ്. ടീം ആമുഖ പ്രഭാഷണം ആരംഭിക്കുമ്പോൾ ആണ് നാടകം തുടങ്ങുന്ന സമയം കണക്കാക്കപ്പെടുന്നത്. വർണ്ണ-വർഗ്ഗ-ലിംഗ-രാഷ്ട്രീയ പ്രകോപനം സൃഷ്ടിക്കുന്ന നാടകങ്ങൾ അനുവദിക്കുന്നതല്ല. നല്ല നടനെയും നടിയെയും തെരഞ്ഞെടുത്ത് അവാർഡ് നൽകുന്നു. പശ്ചാത്തല സംഗീതത്തിന് ടേപ്പ് റിക്കാർഡർ ഉപയോഗിക്കാവുന്നതാണ്. അവതരിപ്പിക്കുന്ന നാടകത്തിന്റെ സ്ക്രിപ്റ്റ് ബന്ധപ്പെട്ട ചുമതലയുള്ളവരെ ഏൽപ്പിക്കേണ്ടതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. പ്രമേയം 2. അഭിനയം (ചതുർവ്വിധം) 3. അഭിനയപ്പൊരുത്തങ്ങൾ 4. ദീപവിധാനം 5. പശ്ചാത്തല സംഗീതം 6. സംവിധാനം 7. സമഗ്രഭാവാവിഷ്ക്കാരം.

## 35. മോണോആക്ട്

സമയം 5 മിനിട്ട്. ആക്ഷേപകരമായ പരാമർശങ്ങൾ ഒഴിവാക്കണം. ആഹാര്യാഭിനയം ആവശ്യമില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. സംഭാഷണ ശൈലീകരണം 2. ആശയസ്ഫുടത 3. അഭിനയം (ആംഗികം, വാചികം, സാത്വികം) 4. പ്രമേയം 5. പാത്രവൽക്കരണം.

## 36. മിമിക്രി

സമയം 5 മിനിട്ട്. ശബ്ദാനുകരണമാണ് മിമിക്രി. ഏതുതരം ശബ്ദവും ആകാം. വാചികാഭിനയത്തിനാണ് പ്രാധാന്യം. വ്യക്തിപരവും, രാഷ്ട്രീയവുമായ ആക്ഷേപ പരാമർശങ്ങളും സഭ്യേതര പ്രയോഗങ്ങളും പാടില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ശബ്ദാനുകരണ മികവ് 2. വിഷയത്തോടുള്ള നീതി പുലർത്തൽ 3. വാചികാഭിനയം 4. തന്മയത്വം 5. ആംഗികാഭിനയം

## 37. മൈം (മൂകാഭിനയം)

സമയം 10 മിനിറ്റ് – പരമാവധി പങ്കെടുക്കാവുന്നവർ 7. പശ്ചാത്തല സംഗീതത്തിന് സി.ഡി. ഉപയോഗിക്കാവുന്നതാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. പ്രമേയം 2. മൂകാഭിനയ മികവ് 3. ഭാവാവിഷ്ക്കാരം 4. വേഷഭംഗി 5. പശ്ചാത്തല സംഗീതപ്പൊരുത്തം 6. സംഘനടനപ്പൊരുത്തം 7. ആശയ പ്രകാശനക്ഷമത

## 38. പ്രസംഗം (മലയാളം)

പ്രസംഗത്തിനായി അനുവദിക്കുന്ന പരമാവധി സമയം 5 മിനിട്ടാണ്. വീഡിയോ അപ്ലോഡ് ചെയ്ത് തുടങ്ങേണ്ട ദിവസം മുതൽ കേരളോത്സവം വെബ് ആപ്ലിക്കേഷനിൽ വിഷയത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകും.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആശയ സ്ഫുടത 2. അക്ഷര സ്ഫുടത 3. ഭാഷാശുദ്ധി 4. ധാരാവാഹിത്വം 5. ശബ്ദനിയന്ത്രണം 6. വിഷയബന്ധം

## 39. കഥാപ്രസംഗം

സമയം 20 മിനിട്ട്. പശ്ചാത്തല സംഗീത ഉപകരണങ്ങൾ ഉപയോഗിക്കാം. പിന്നണിയിൽ പരമാവധി 4 പേർ.

**മൂല്യ നിർണ്ണയോപാധികൾ** : 1. കഥാവസ്തു 2. ഉച്ചാരണശുദ്ധി 3. ഭാഷാശുദ്ധി 4. ആശയാവിഷ്ക്കരണം 5. ഭാവശബ്ദം 6. സാഹിത്യവും സംഗീതവുമായുള്ള യോജിപ്പ് 7. അഭിനയം 8. പശ്ചാത്തല സംഗീതവുമായുള്ള യോജിപ്പ്

## 40. കോൽക്കളി *(പുരുഷന്മാർക്ക് മാത്രം)*

10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 12. പിന്നണി പാടില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷത്തനിമ 2. ചുവടുവയ്പ്പ് 3. പാട്ടിന്റെ തനിമ 4. താളവും പശ്ചാത്തലസംഗീതവും 5. സംഘ നടനചേർച്ച 6. മെയ് വഴക്കം 7. തനിമയായ അവതരണം 8. താളവും കോലടക്കവും

## 41. വള്ളംകളിപ്പാട്ട് (ആറന്മുള ശൈലി)*(പുരുഷന്മാർക്ക് മാത്രം)*

10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. ആറന്മുള ശൈലിയിലുള്ള പാട്ടുകൾ ഉപയോഗിക്കാവുന്നതാണ്. ആ ശൈലിയിലുള്ള വേഷവിധാനവും.

**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷം 2. താളം 3. ശ്രുതി 4. അംഗചലന ചേർച്ച 5. സാഹിത്യശുദ്ധി

## 42. വള്ളംകളിപ്പാട്ട് (കുട്ടനാടൻ ശൈലി) *(പുരുഷന്മാർക്ക് മാത്രം)*

10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. കുട്ടനാടൻ ശൈലിയിലുള്ള പാട്ടുകൾ ഉപയോഗിക്കാവുന്നതാണ്. ആ ശൈലിയിലുള്ള വേഷവിധാനവും.

**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷം 2. താളം 3. ശ്രുതി 4. അംഗചലന ചേർച്ച 5. സാഹിത്യശുദ്ധി

## 43. ദഫ്മുട്ട് *(പുരുഷന്മാർക്ക് മാത്രം)*

സമയം 10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. ദഫ്മുട്ടിന് ബൈത്തിന്റെ വൈവിധ്യമാർന്ന ഈണങ്ങൾക്കനുസരിച്ച് ചാഞ്ഞും ചരിഞ്ഞും നിന്നും ഇരുന്നും വിവിധ താളങ്ങളിൽ അവതരിപ്പിക്കണം. അമിതമായ ചുവടുകളോ നൃത്തമോ പാടില്ല. അറബി ബൈത്തുകളോ, മദ്ഹ പാട്ടുകളോ ആകാം. ലളിതഗാനമോ, മാപ്പിളപ്പാട്ടോ പാടില്ല, പിന്നണി പാടില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. ബൈത്ത് മഹദ് 2. ഒറ്റമുട്ട്, മൂന്നുമുട്ട്, അഞ്ചുമുട്ട്, കായ്യിൻമുട്ട്, കോരിമുട്ട് ഇവയിൽ ഏതെങ്കിലും നാല് താളം അടങ്ങിയിരിക്കണം. 3. വാദ്യവാദനം 4. അവതരണം

## 44. വട്ടപ്പാട്ട് *(പുരുഷന്മാർക്ക് മാത്രം)*

സമയം 10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. പക്കമേളം പാടില്ല. മുൻ പാട്ടുകാർ നിർബന്ധമാണ്. പിൻപാട്ടും വേണം. പാട്ടും താളത്തിനൊത്ത കൈയടിയുമാണ് മുഖ്യഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കൈയടിയും ചുറ്റിക്കളിയും ആകാം. മത്സരത്തിൽ പങ്കെടുക്കുന്ന 10 പേരും സ്റ്റേജിൽ അണിനിരക്കണം. 6 പേർ കളിക്കുകയും 3 പേർ പാടുകയും ചെയ്യണം. കളിക്കുന്നവർ തന്നെ പാടി അവതരിപ്പിക്കണം. ഒരു മണവാളൻ ഉണ്ടായിരിക്കണം.

**മൂല്യ നിർണ്ണയോപാധികൾ** : 1. ഒപ്പനപ്പാട്ടിന്റെ ഇശൽ 2. പാട്ടിന്റെ സാഹിത്യം 3. താളവും കൈയടിയുടെ ചേർച്ചയും 4. ശ്രുതിലയവും ശബ്ദഭംഗിയും 5. തനിമയാർന്ന അവതരണം 6. വേഷവും പശ്ചാത്തലസംഗീതവും 7. സംഘ നടന ചേർച്ച

## 45. മോഹിനിയാട്ടം *(വനിതകൾക്കു മാത്രം)*

സമയം 10 മിനിട്ട്. പക്കമേളം ഉപയോഗിക്കാം. മോഹിനിയാട്ടത്തിന് ഇടയ്ക്കയും ഉപയോഗിക്കാവുന്നതാണ്. പിന്നണിക്ക് ടേപ്പ് റിക്കാർഡർ അനുവദനീയമാണ്.

**മൂല്യ നിർണ്ണയോപാധികൾ** : 1. ആകാരസുഷമ 2. വേഷം 3. ഭാവപ്രകടനം 4. ചുവടുവയ്പ്പ് 5. മുദ്രകളുടെപൂർണ്ണത 6. താളവും പശ്ചാത്തല സംഗീതവും 7. സാഹിത്യശുദ്ധി

## 46. ഒപ്പന *(വനിതകൾക്കു മാത്രം)*

സമയം 10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. ഒപ്പനയ്ക്ക് പക്കമേളം പാടില്ല. മുൻ പാട്ടുകാരികൾ നിർബന്ധമാണ്. പിൻപാട്ടും വേണം. പാട്ടും താളത്തിനൊത്ത കൈയടിയുമാണ് മുഖ്യഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കൈയടിയും ചുറ്റിക്കളിയും ആകാം. മത്സരത്തിൽ പങ്കെടുക്കുന്ന 10 പേരും സ്റ്റേജിൽ അണിനിരക്കണം. 6 പേർ കളിക്കുകയും 3 പേർ പാടുകയും ചെയ്യണം. ഒരു മണവാട്ടിയും വേണം. കളിക്കുന്നവർ തന്നെ പാടി അവതരിപ്പിക്കണം.

**മൂല്യ നിർണ്ണയോപാധികൾ** : 1. ഒപ്പനപ്പാട്ടിന്റെ ഇശൽ 2. പാട്ടിന്റെ സാഹിത്യം 3. താളവും കൈയടിയുടെ ചേർച്ചയും 4. ശ്രുതിലയവും ശബ്ദഭംഗിയും 5. തനിമയാർന്ന അവതരണം 6. വേഷവും പശ്ചാത്തലസംഗീതവും 7. സംഘ നടന ചേർച്ച

## 47. തിരുവാതിര *(വനിതകൾക്കു മാത്രം)*

സമയം 10 മിനിട്ട് (2 പേർ പിൻപാട്ടിന്). പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. ലളിതമായ കേരളീയ വേഷവിധാനം ആയിരിക്കണം. കലാരൂപത്തിന്റെ തനിമ നിലനിർത്തണം. മത്സരിക്കുന്നവർ തന്നെ പാടിക്കളിക്കണം. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം.

**മൂല്യ നിർണ്ണയോപാധികൾ** : 1. വേഷത്തനിമ 2. ചലനം 3. താളം 4. ചുവട് 5. സംഘ നടനചേർച്ച 6. സാഹിത്യശുദ്ധി

## 48. മാർഗ്ഗംകളി *(വനിതകൾക്കു മാത്രം)*

സമയം 10 മിനിട്ട്. (2 പേർ പിൻപാട്ടിന്). പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. മാർഗ്ഗംകളിക്ക് രംഗസാമഗ്രിയായ നിലവിളക്ക് നിർബന്ധമായും ഉണ്ടായിരിക്കണം. ഇതിന്റെ തനതായ വേഷം ആയിരിക്കണം നൃത്താവതരണത്തിന്. താളം ക്രമീകരിക്കുന്നതിന് കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീതോപകരണങ്ങളോ പിന്നണിയോ പാടില്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. കഥാവിഷ്ക്കാരം 2. ആകാരസുഷമ 3. ചുവടുവയ്പ്പ് 4. താളബോധം 5. അവതരണത്തനിമ 6. സംഘ നടനചേർച്ച 7. വേഷത്തനിമ

**49. സംഘനൃത്തം** *(വനിതകൾക്ക് മാത്രം)*

സമയം 10 മിനിട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 7. പിന്നണിയ്ക്ക് ടേപ്പ്റിക്കോർഡർ ഉപയോഗിക്കാം. ചലച്ചിത്ര ഗാനങ്ങൾ അനുവദനീയമല്ല.

**മൂല്യ നിർണ്ണയോപാധികൾ** : 1. നർത്തകർ തമ്മിലുള്ള യോജിപ്പ് 2. ചലന ഭംഗി 3. വേഷത്തനിമ 4. താളം 5. അവതരണം 6. രംഗബിംബ കൽപ്പന

## 4.5 നിബന്ധനകൾ

1. നാടോടിനൃത്തം, ഒപ്പന, തിരുവാതിര, മാർഗ്ഗംകളി, വട്ടപ്പാട്ട്, കോൽകളി, ദഫ്മുട്ട് എന്നീ ഇനങ്ങൾക്ക് റിക്കാർഡ് ചെയ്ത സംഗീതം ഉപയോഗിക്കാൻ പാടില്ല.
2. കേരളോത്സവ മത്സരങ്ങളോടൊപ്പം ദേശീയ യുവോത്സവത്തിന്റെ കലാമത്സരങ്ങളും നടത്തുന്നു. ആ ഇനങ്ങളിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടുന്നവരെ ദേശീയ യുവോത്സവത്തിൽ പങ്കെടുപ്പിക്കും.
3. കലാമത്സരങ്ങളിൽ ജില്ലാതലത്തിൽ ഒന്നാം സമ്മാനവും, എ ഗ്രേഡും, ലഭിക്കുന്ന വർക്കു മാത്രമേ സംസ്ഥാനതലത്തിൽ മത്സരിക്കാൻ അർഹതയുള്ളൂ.
4. കലാമത്സര ഇനങ്ങളിൽ ഒരു മത്സാർത്ഥിയെങ്കിലും ഉണ്ടെങ്കിൽ വിധി നിർണ്ണയം നടത്താവുന്നതാണ്. എന്നാൽ എ ഗ്രേഡ് ലഭിച്ചാൽ മാത്രമേ അടുത്ത തലത്തിൽ മത്സരിക്കാൻ അർഹത ലഭിക്കൂ.
5. സംസ്ഥാന-ജില്ലാതല കേരളോത്സവത്തിലെ കലാമത്സരങ്ങളുടെ ടാബുലേഷൻ ഷീറ്റ്, മാർക്ക് ഷീറ്റ്, റിസൾട്ട് ഷീറ്റ് എന്നിവ മൂന്ന് മാസം വരെ സൂക്ഷിക്കേണ്ടതാണ്.

++++++++++

# അദ്ധ്യായം 5

# വിധിനിർണ്ണയം, അപ്പീൽ

## 5.1 വിധിനിർണ്ണയം

1. പ്രാഥമികതല സ്ക്രീനിംഗ് : ഓരോ വിഭാഗത്തിലെയും വിദഗ്ദ്ധരടങ്ങിയ ഒരു പാനലായിരിക്കും പ്രാഥമികതലത്തിൽ അതത് വിഭാഗങ്ങളുടെ സ്ക്രീനിംഗ് നടത്തുന്നത്.

   വിഭാഗങ്ങൾ:- 1. സംഗീതം 2. നൃത്തം 3. ഉപകരണ സംഗീതം (String Instrument), 4. ഉപകരണ സംഗീതം (താളവാദ്യം) 5. അഭിനയം 6. നാടോടികലാരൂപം 7. മാപ്പിളകലകൾ 8. സാഹിത്യം / പ്രസംഗം.

2. ജില്ലാ/സംസ്ഥാന കലാമത്സരങ്ങളിൽ ഒരിനം വിലയിരുത്തുന്നതിന് 3 പേരെ വിധികർത്താക്കളായി നിയമിക്കേണ്ടതാണ്.

3. വിധികർത്താക്കളെ നിയമിക്കുവാനുള്ള പൂർണ്ണ ചുമതല കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിനായിരിക്കും.

4. വിധികർത്താക്കളുടെ പാനൽ രൂപീകരണവും നിയമനവും സംബന്ധിച്ച കാര്യങ്ങളിലെ രഹസ്യസ്വഭാവം കർശനമായി സൂക്ഷിക്കേണ്ടതാണ്.

5. മത്സരങ്ങളുടെ ഫലം പ്രഖ്യാപനം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വെബ്സൈറ്റ്, കേരളോത്സവം വെബ് ആപ്ലിക്കേഷൻ എന്നിവയിലൂടെ ആയിരിക്കും. മത്സരം കഴിഞ്ഞ് അടുത്തതലം ആരംഭിക്കുന്നതിന് മുന്നോടിയായി ഫലം പ്രഖ്യാപിക്കുന്നതാണ്.

## 5.2 ഗ്രേഡ് നിർണ്ണയം

കലാ മത്സരങ്ങൾക്ക് 100 മാർക്കിനാണ് വിധികർത്താക്കൾ മാർക്കിടേണ്ടത്.

| *മാർക്ക്* | *ഗ്രേഡ്* | *പോയിന്റ്* |
|---|---|---|
| 60 മാർക്കിന് മുകളിൽ | A | 5 |
| 50 മുതൽ 59 വരെ | B | 3 |
| 40 മുതൽ 49 വരെ | C | 1 |
| 40 ൽ താഴെ | ഗ്രേഡില്ല | |

## 5.3. പോയിന്റ് നിർണ്ണയം

| വ്യക്തിഗതം | |
|---|---|
| *സ്ഥാനം* | *പോയിന്റ്* |
| ഒന്നാം സ്ഥാനം | 5 |
| രണ്ടാ സ്ഥാനം | 3 |
| മൂന്നാംസ്ഥാനം | 1 |

| ഗ്രൂപ്പിനങ്ങൾ | |
|---|---|
| *സ്ഥാനം* | *പോയിന്റ്* |
| ഒന്നാം സ്ഥാനം | 10 |
| രണ്ടാ സ്ഥാനം | 6 |
| മൂന്നാംസ്ഥാനം | 2 |

***ഓവർആൾ ചാമ്പ്യൻഷിപ്പ് കണക്കാക്കുമ്പോൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കു ലഭിച്ച മാർക്കിനു പുറമേ ഗ്രേഡിന് ലഭിച്ച മാർക്ക് കൂടി കണക്കാക്കേണ്ടതാണ്. കൂടാതെ മത്സരാർത്ഥികൾക്ക് ഗ്രേഡ് മാത്രം ലഭിക്കുകയാണെങ്കിൽ ലഭിച്ച ഗ്രേഡിന്റെ പോയിന്റ് കൂടി ഓവറോൾചാമ്പ്യൻഷിപ്പ് നിർണ്ണയിക്കുമ്പോൾ പരിഗണിക്കണം.***

***ക്ലബ്ബുകളെ പ്രതിനിധാനം ചെയ്യുന്ന മത്സരാർത്ഥികൾക്ക് ലഭിക്കുന്ന പോയിന്റുകൾ മാത്രമേ ക്ലബ്ബുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയുള്ളൂ.***

## 5.4. ജൂറി ഓഫ് അപ്പീൽ

താഴെപ്പറയുന്ന മാനദണ്ഡമനുസരിച്ചു അപ്പീൽ കമ്മിറ്റി രൂപീകരിച്ച് ബന്ധപ്പെട്ടവർക്ക് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്.

1. മത്സരങ്ങളുടെ സാങ്കേതികവും നിയമപരവുമായ കാര്യങ്ങളാണ് അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ടത്.
2. മത്സരങ്ങളുടെ പുനർ മൂല്യനിർണ്ണയവും, പുനർ അവതരണവും യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.
3. എല്ലാ ഘടകങ്ങളിലെയും ജൂറി ഓഫ് അപ്പീലിന്റെ കോറം 3 ആയിരിക്കും.

### *അപ്പീൽ കമ്മിറ്റിയുടെ ഘടന*

**1. ജില്ലാതലം**

1. ചെയർമാൻ - ജില്ലാ ചുമതലയുള്ള ബോർഡ് അംഗം.
2. ജനറൽ കൺവീനർ - ജില്ലാ ഓഫീസർ
3. ആർട്സ് വിഭാഗം കൺവീനർ - ജില്ലാ കോ-ഓർഡിനേറ്റർ
4. ചെയർമാൻ നോമിനേറ്റ് ചെയ്യുന്ന രണ്ടു പ്രഗത്ഭ വ്യക്തികൾ (കലാ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ) എന്നിവരടങ്ങുന്നതായിരിക്കും ജൂറി ഓഫ് അപ്പീൽ.

**2. സംസ്ഥാനതലം**

1. ചെയർമാൻ - ബഹു.യുവജനകാര്യ വകുപ്പ് മന്ത്രി.
2. വർക്കിംഗ് ചെയർമാൻ - വൈസ് ചെയർമാൻ, സംസ്ഥാന യുവജനക്ഷേമ ബോർഡ്.
3. കൺവീനർ - മെമ്പർ സെക്രട്ടറി, സംസ്ഥാന യുവജനക്ഷേമ ബോർഡ്
4. ആർട്സ് വിഭാഗം കൺവീനർ - ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്.
5. ചെയർമാൻ നോമിനേറ്റ് ചെയ്യുന്ന രണ്ടു വ്യക്തികൾ (കലാമേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ) എന്നിവരടങ്ങുന്നതായിരിക്കും ജൂറി ഓഫ് അപ്പീൽ.

## 5.5. തർക്കമുണ്ടെങ്കിൽ അപ്പീൽ നൽകുന്നവിധം

കേരളോത്സവ മത്സരങ്ങളുടെ വിധി നിർണ്ണയത്തെക്കുറിച്ച് പരാതിയുള്ള പക്ഷം, പ്രസ്തുത മത്സരത്തിന്റെ ഫലം പ്രഖ്യാപിച്ച് രണ്ട് മണിക്കൂറിനുള്ളിൽ ആയതിനെ

സംബന്ധിച്ചുള്ള ആക്ഷേപം അപേക്ഷയായി കേരളോത്സവം വെബ് ആപ്ലിക്കേഷനിൽ നിശ്ചിതഫോറത്തിൽ അപ് ലോഡ് ചെയ്യുകയും 24 മണിക്കുറിനുള്ളിൽ അപ്പീൽ ഫീസ് ഒടുക്കി രസീത് വാങ്ങുകയും ചെയ്താൽ മാത്രമേ അപ്പീൽ പരിഗണിക്കുകയുള്ളൂ. അപ്പീൽ ലഭിച്ച് ഒരു ദിവസത്തിനുള്ളിൽ അപ്പീൽ കമ്മിറ്റി കൂടേണ്ടതും തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. *(അനുബന്ധം 3, 4)*

**അപ്പീൽ ഫീസ്**

| | |
|---|---|
| *ജില്ല* | *1000/- രൂപ* |
| *സംസ്ഥാനതലം* | *2000/- രൂപ* |

ജില്ലാ/സംസ്ഥാനതലങ്ങളിലെ അപ്പീലിന്റെ ഫീസ് അതതു ജില്ലകളിലെ യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറുടെ പക്കൽ ഒടുക്കി രസീത് വാങ്ങേണ്ടതാണ്. ലഭിക്കുന്ന പരാതി ജൂറി പരിഗണിച്ച ശേഷം, പരാതി അംഗീകരിക്കുന്നപക്ഷം, പരാതി ഫീസ് മടക്കി നൽകേണ്ടതാണ്. എന്നാൽ പരാതി തിരസ്ക്കരിക്കുന്നപക്ഷം പരാതി ഫീസ് തിരികെ നൽകുന്നതല്ല.

++++++++++

# അദ്ധ്യായം 6

## സമ്മാന ഘടന

### 6.1. പ്രൈസ്മണിയുടെ വിശദവിവരം

| ജില്ലാതലം | | | |
|---|---|---|---|
| | *ഒന്നാം സമ്മാനം* | *രണ്ടാം സമ്മാനം* | *മൂന്നാം സമ്മാനം* |
| വ്യക്തിഗതം | 750 | 500 | 300 |
| ഗ്രൂപ്പിനം | 750 രൂപ വീതം | 500 രൂപ വീതം | 300 രൂപ വീതം |

| | |
|---|---|
| കലാ പ്രതിഭ | 2500 |
| കലാ തിലകം | 2500 |

| സംസ്ഥാനതലം | | | |
|---|---|---|---|
| | *ഒന്നാം സമ്മാനം* | *രണ്ടാം സമ്മാനം* | *മൂന്നാം സമ്മാനം* |
| വ്യക്തിഗതം | 2500 | 2000 | 1500 |
| ഗ്രൂപ്പിനം | 2500 രൂപ വീതം | 2000 രൂപ വീതം | 1500 രൂപ വീതം |

| | |
|---|---|
| കലാ പ്രതിഭ | 10000 |
| കലാ തിലകം | 10000 |
| മികച്ച നാടക നടൻ (ഹിന്ദി/ഇംഗ്ലീഷ്) | 2000 |
| മികച്ച നാടക നടി (ഹിന്ദി/ഇംഗ്ലീഷ്) | 2000 |
| മികച്ച നാടക നടൻ (മലയാളം) | 2000 |
| മികച്ച നാടക നടി (മലയാളം) | 2000 |

***ഒരു മത്സരത്തിൽ ഒന്നിലധികം പേർ ഒരേ സ്ഥാനം നേടുകയാണെങ്കിൽ ഓരോർത്തർക്കും മേൽപ്രകാരമുള്ള ക്യാഷ് പ്രൈസ് നൽകണം.***

### 6.2. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ക്ലബ്ബുകൾക്കുള്ള ക്യാഷ് അവാർഡുകൾ

| | ഒന്നാം സമ്മാനം | രണ്ടാം സമ്മാനം | മൂന്നാം സമ്മാനം |
|---|---|---|---|
| ജില്ലാതലം | 10000 | 5000 | - |
| സംസ്ഥാനതലം | 150000 | 75000 | 50000 |

*അനുബന്ധം : 1*

# കേരളോത്സവം – 2021

ഫോട്ടോ

## ക്ലബ്ബംഗമാണെന്നതിനുള്ള സത്യപ്രസ്താവന

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ :..........................................................................................

ബ്ലോക്ക്: ..................................................... ജില്ല..............................................................................

സ്ത്രീ/പുരുഷൻ/ട്രാൻസ്ജൻഡർ : .................................... ജനന തീയതി..................................

പൂർണ്ണ മേൽവിലാസം :...........................................................................................................

.................................................................................................................................................

പങ്കെടുക്കുന്ന ഇനങ്ങൾ (വ്യക്തിഗതം) :

പങ്കെടുക്കുന്ന ഇനങ്ങൾ (ഗ്രൂപ്പ് ഇനങ്ങൾ) :

തിരിച്ചറിയൽ രേഖ :.............................................................................................................

പ്രതിനിധാനം ചെയ്യുന്ന ക്ലബ്ബിന്റെ പേരും വിലാസവും : ..................................................................

.................................................................................................................................................

### സത്യപ്രസ്താവന

മേൽ സൂചിപ്പിച്ച വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

തീയതി

മത്സരാർത്ഥിയുടെ പേരും ഒപ്പും

### സാക്ഷ്യപത്രം

മേൽ സൂചിപ്പിച്ച വ്യക്തി ........................................................................................................... എന്ന ക്ലബ്ബിനെ പ്രതിനിധാനം ചെയ്താണ് മത്സരങ്ങളിൽ പങ്കെടുക്കുന്നതെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

തീയതി

ക്ലബ്ബിന്റെ പേരു വിലാസവും

ഔദ്യോഗിക സ്ഥാനം

ക്ലബ്ബിന്റെ സീൽ

പേരും ഒപ്പും

***അനുബന്ധം 2***

**മാതൃകാഫോറം**

**കേരളോത്സവം 2021**

***(വിധി കർത്താക്കൾ / അപ്പീൽ കമ്മിറ്റി അംഗങ്ങൾക്കുള്ളത്)***

## സത്യപ്രസ്താവന

എന്റെ മക്കളോ, ബന്ധുക്കളോ, ശിഷ്യൻമാരോ ആരുംതന്നെ ഞാൻ വിധിനിർണ്ണയം നടത്തുന്ന / അപ്പീലിന് വിധേയമായ മത്സര ഇന ത്തിൽ പങ്കെടുക്കുന്നില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്..........................................................................

പേര്:......................................................................

സ്ഥലം:

തീയതി:

*അനുബന്ധം 3*

## മാതൃകാഫോറം
## കേരളോത്സവം 2021
## അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം

| | |
|---|---|
| 1. മത്സരാർത്ഥിയുടെ പേര് | : |
| 2. പഞ്ചായത്ത്/ബ്ലോക്ക്/ ജില്ലയുടെ പേര് | : |
| 3. പങ്കെടുത്ത ഇനം | : |
| 4. രജിസ്റ്റർ നമ്പർ | : |
| 5. കോഡ് നമ്പർ | : |
| 6. മത്സരത്തിൽ ലഭിച്ച സ്ഥാനം | : |
| 7. ഫലപ്രഖ്യാപനം നടത്തിയ തീയതി, സമയം. | : |
| 8. അപ്പീൽസമർപ്പിക്കുവാനുണ്ടായ കാരണം | : |
| 9. മത്സരാർത്ഥിയുടെ ഒപ്പ് | : |
| 10. അപ്പീൽ സമർപ്പിക്കുന്ന തീയതിയും സമയവും | : |
| 11. അപ്പീൽ ഫീസ്(തുക) | : |

***ആഫീസ് ഉപയോഗത്തിന്***

| | |
|---|---|
| 1. അപ്പീൽ നമ്പർ | |
| 2. അപ്പീൽ സ്വീകരിച്ച സമയവും തീയതിയും | |
| 3. അപ്പീൽ ഫീസിന്റെ രസീത് നമ്പറും തീയതിയും | |
| 4. അപ്പീൽ കേൾക്കുന്നതിനുള്ള സമയം | |
| 5. റിമാർക്സ് | |

സ്ഥലം: പേരും, ഒപ്പും

തീയതി: ചെയർമാൻ, അപ്പീൽ കമ്മിറ്റി

*അനുബന്ധം 4*

**മാതൃകാഫോറം**

**കേരളോത്സവം 2021**

**അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള നടപടി ഉത്തരവ്**

| | |
|---|---|
| മത്സരാർത്ഥിയുടെ പേര് | |
| വിഷയം | |
| സൂചന | |
| ഉത്തരവ് നമ്പരും തീയതിയും | |
| മത്സരിച്ച ഇനം | |
| മത്സരാർത്ഥിയുടെ പരാതിയുടെ വിശദാംശം | |
| കാര്യകാരണ വിശകലന റിപ്പോർട്ട് | |
| അപ്പീലിന്മേലുള്ള തീരുമാനം | |

അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ പേരും, ഒപ്പും

പേരും, ഒപ്പും

തീയതി: ചെയർമാൻ, അപ്പീൽ കമ്മിറ്റി

മത്സരാർത്ഥിയുടെ പേരും വിലാസവും

*അനുബന്ധം 5*

# കേരളോത്സവം 2021

ജില്ല/സംസ്ഥാനം

...........................................................................................................................................

മത്സര ഇനം : സമയം :

| മാർക്ക് ഷീറ്റ് | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | കോഡ് നമ്പർ | മൂല്യനിർണ്ണയോപാധികൾ മാർക്ക് 100ന് | | | | | | | ആകെ മാർക്ക് | മാർക്ക് അക്ഷരത്തിൽ | അഭിപ്രായം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |

*മാർക്ക് അക്കത്തിലും അക്ഷരത്തിലും എഴുതേണ്ടതും, മൂല്യനിർണ്ണയോപാധികൾക്കനുസൃതമായ കുറിപ്പുകൾ എഴുതേണ്ടതും നിർബന്ധമാണ്.*

സ്ഥലം :

തീയതി : വിധികർത്താവിന്റെ പേര്, ഒപ്പ്,

മേൽവിലാസം ഫോൺ നമ്പർ.

***അനുബന്ധം 6***

# കേരളോത്സവം 2021

ജില്ല/സംസ്ഥാനം

മത്സര ഇനം :..............................................................................................................................

## റിസൽറ്റ് ഷീറ്റ്

| ക്രമ നമ്പർ | കോഡ് നമ്പർ | ലഭിച്ച മാർക്ക് | | | ആകെ മാർക്ക് | ഗ്രേഡ് | ലഭിച്ച സ്ഥാനം | വിജയിച്ച വ്യക്തിയുടെ പേരും മേൽവിലാസവും | പ്രതിനിധാനം ചെയ്യുന്ന ക്ലബ്ബിന്റെ പേരും വിലാസവും |
|---|---|---|---|---|---|---|---|---|---|
| | | I | II | III | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

ടാബുലേറ്റർമാരുടെ പേരും ഒപ്പും

1. ..................................................
   ..................................................
2. ..................................................
   ..................................................

വിധികർത്താക്കളുടെ പേരും ഒപ്പും

1. ......................................................
   ......................................................
2. ......................................................
   ......................................................
3. ......................................................
   ......................................................

സ്ഥലം :

തീയതി :

പേരും ഒപ്പും ഫോൺ നമ്പരും

പേരും ഒപ്പും ഫോൺ നമ്പരും

*അനുബന്ധം 7*

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. 221/ബി1/2021/കാ.യു.വ

കായിക യുവജനകാര്യ (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി - 19/11/2021.

പ്രിൻസിപ്പൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി,
കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്.

സർ,

വിഷയം:- കായിക യുവജനകാര്യ വകുപ്പ് - കേരളോത്സവം 2021 – മാർഗ്ഗരേഖ അംഗീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- താങ്കളുടെ 28.10.2021 ലെ റ്റി 2-2528/21/വൈ.ഡബ്ള്യൂ.ബി നമ്പർ കത്ത് .

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ സൂചന കത്തിനൊപ്പം സമർപ്പിച്ചിട്ടുള്ള കേരളോത്സവം പരിപാടി ഓൺലൈനായി കലാമത്സരങ്ങൾ മാത്രം ഉൾപ്പെടുത്തി സംഘടിപ്പിക്കുന്നതിനുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ അംഗീകരിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ
ലീന.എ
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

For

സെക്ഷൻ ഓഫീസർ

അനുബന്ധം 8

## ADRESS OF DISTRICT OFFICES

**District Youth Programme Officer**
District Youth Centre,
District Panchayath Office
P.O Pattom, Thiruvananthapuram,
Phone: **0471-2555740**

**District Youth Programme Officer**
District Youth Centre,
District Panchayath Office,
P.O Thevally, Kollam
Phone: **0474 - 2798440**

**District Youth Programme Officer**
District Youth Center,
Puthen Palath Building,
Near District Collectorate,
Pathanamthitta - 689693
Phone: **0473-4221895**

**District Youth Programme Officer**
District Youth Centre,
Mini Civil Station, 5th Floor,
Thathappally P.O.,Alappuzha.
Phone: **0477-2239736**

**District Youth Programme Officer**
District Youth Center,
Chirathalattu Building, 2nd Floor
Kottayam. P.O
Kottayam – 686001
Phone: **0481-2561105**

**District Youth Programme Officer**
District Youth Center,
Pulimoottil Shopping Arcade 2nd Floor
Moovattupuzha Road,
Thodupuzha, Idukki
Phone: **0486-2228936**

**District Youth Programme Officer**
District Youth Centre,
Ground floor, Civil Station
Kakkanadu-30, Ernakulam
Phone: **0484-2428071**

**District Youth Programme Officer**
District Youth Centre,
District Panchayath Office,
P.O Ayyanthole, Thrissur
Phone: **0487-2362321**

**District Youth Programme Officer**
District Youth Center
District Panchayath Office
Palakkadu
Phone: **0491-2505190**

**District Youth Programme Officer**
District Youth Center,
Block Development Office,
DOWN Hill P.O
Malappuram-19
Phone: **0483-2730120**

**District Youth Programme Officer**
District Youth Center,
Civil Station, 6th Floor B.Block,
Kozhikode
Phone: **0495-2373371**

**District Youth Programme Officer**
District Youth Center
Chackalakkal Appartment
Harithagiri Road
Kalpatta, Wayanad – 673121
Phone: **0493-6204700**

**District Youth Programme Officer**
District Youth Center
Thaluk Office Compound
Near Subjail, Kannur
Phone: **0497-2705460**

**District Youth Programme Officer**
District Youth Center,
District Panchayath Office Building,
Civil Station, Vidya Nagar. P.O, Kasargod
Phone: **0499-4256219**